പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി ചികിത്സ കിട്ടാതെ മരിച്ച സംഭവം

272 (4263) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള വയനാട് ജില്ലയിലെ തവിഞ്ഞാൽ പഞ്ചായത്തിലെ തലപ്പുഴ പ്രീമെട്രിക് ഹോസ്റ്റലിൽ താമസിച്ച് തലപ്പുഴ ഹയർ സെക്കന്ററി സ്കൂളിൽ പഠിച്ചിരുന്ന 10-ാം ക്ലാസ് വിദ്യാർത്ഥി സുഭാഷ് ചികിത്സ കിട്ടാതെ 3-12-2014-ന് മരിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ചികിത്സ കിട്ടാതെ മരിച്ചു എന്ന് മണ്ഡലം തിരിച്ചും, മറ്റ് ജില്ലകളിൽ എത്ര പേർ മരിച്ചുവെന്നും അറിയിക്കുമോ ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്ക് മികച്ച ചികിത്സ ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സുഭാഷ് എന്ന കുട്ടി 1-12-2014 -ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്വേഷണം നടത്തുകയുണ്ടായി. പ്രശ്നവുമായി ബന്ധപ്പെട്ട് സംഭവം നടന്നതിന്റെ അടുത്ത ദിവസം തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ എസ്. സുദർശൻ തലപ്പുഴ പ്രീ-മെട്രിക് ഹോസ്റ്റലിൽ നേരിട്ട് പോയി അന്വേഷണം നടത്തുകയും കുട്ടിക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിൽ ഹോസ്റ്റൽ ജീവനക്കാരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആരും തന്നെ ചികിത്സ കിട്ടാതെ മരിച്ചിട്ടില്ല.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മികച്ച ചികിത്സ നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly